

THURSDAY 22/08/2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: Nizam S A

Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/08/2024

1. കൃഷിവകുപ്പ് 23.08.2024 ന് നടത്താനിരുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം മാറ്റിവച്ചതായി അറിയിക്കുന്നു.

2. സംസ്ഥാന സർക്കാരിൻ്റെ നാലാം നൂറു ദിന കർമ്മ പരിപാടിയിലുൾപ്പെട്ട പോഷകസമൃദ്ധി മിഷൻ്റെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ലസ്റ്റർ അധിഷ്ഠിത ഫലവർഗ്ഗ കൃഷിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (2024 ആഗസ്റ്റ് 22 വ്യാഴാഴ്ച) രാവിലെ 10 മണിക്ക് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് മുഹമ്മ ഗ്രാമപഞ്ചായത്ത് ഗവ. സംസ്കൃത സ്കൂളിന് എതിർവശമുള്ള ലീലാമണി. ശ്രീരംഗത്തിന്റെ പുരയിടത്തിൽ വച്ച് നിർവ്വഹിക്കുന്നു. മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റ് സ്വപ്ന ഷാബു അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആലപ്പുഴ എം.പി കെ.സി. വേണുഗോപാൽ മുഖ്യാതിഥിയാകും. നാടൻ ഫല വർഗ്ഗ വിളകളായ മാവ്, പ്ലാവ്, വാഴ, പപ്പായ എന്നിവയ്ക്കൊപ്പം മാങ്കോസ്റ്റീൻ, റംബുട്ടാൻ, ഡ്രാഗൺ ഫ്രൂട്ട്, അവക്കാഡോ തുടങ്ങിയ ഫലവർഗ്ഗ വിളകളേയും ക്ലസ്റ്റർ അധിഷ്ഠിത കൃഷിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഫലവർഗ്ഗ വിളകളുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുക, സുസ്ഥിര ഉത്പ്പാദനം, ഉത്പ്പാദന ക്ഷമത, ഒപ്പം സമൂഹത്തിന്റെ പോഷക സുരക്ഷ ഉറപ്പാക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ.

3. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള വിവിധ കോളേജുകളിൽ/ കേന്ദ്രങ്ങളിൽ 2024- 25 അധ്യയന വർഷം മുതൽ ആരംഭിക്കുന്ന പുതിയ പി എച്ച് ഡി /എം എസ് സി/ ഇന്റഗ്രേറ്റഡ്/ എംടെക്/ പിജി ഡിപ്ലോമ /ഡിപ്ലോമ കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 30.08.2024 ന് തൃശ്ശൂർ വെള്ളാനിക്കര കേരള കാർഷിക സർവകലാശാല ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന സെൻട്രൽ ഓഡിറ്റോറിയത്തിൽ വെച്ച് ഉച്ചയ്ക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രണ്ടുമണിക്ക് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അഡ്മിഷനുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 0487 2438139 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഈ മാസം 27 ന് ബിവി 380 കോഴിക്കുഞ്ഞുങ്ങൾ 160 രൂപ നിരക്കിൽ വില്പന ആരംഭിക്കുന്നതാണ്. ബുക്കിങ്ങിനായി 9400483754 എന്ന നമ്പരിൽ രാവിലെ 10 മണി മുതൽ 4 മണി വരെ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 'നഴ്സറി പരിപാലനം'എന്ന വിഷയത്തിൽ 2024 ആഗസ്റ്റ് 24 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പരിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 'ആടുവളർത്തൽ ശാസ്ത്രീയ പരിപാലന രീതികൾ എന്ന വിഷയത്തിൽ 2024 ആഗസ്റ്റ് 23 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/-രൂപ താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പരിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി 'സുരക്ഷിതമായ പാലുൽപ്പാദനം' എന്ന വിഷയത്തിൽ ആഗസ്റ്റ്

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാസം 29, 30 തീയതികളിലായി 2 ദിവസത്തെ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447479807, 9496332048 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുകയോ വാട്സാപ്പ് ചെയ്തോ ട്രെയിനിങ്ങിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. റബ്ബറിന്റെ മണ്ണും ഇലയും പരിശോധിച്ചുള്ള വളപ്രയോഗത്തെക്കുറിച്ച് അറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ സീനിയർ സയന്റിസ്റ്റ് ഇന്ന് (2024 ആഗസ്റ്റ് 22 വ്യാഴാഴ്ച) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ 0481 2576622.

9. റബ്ബർബോർഡിന്റെ മുക്കട സെൻട്രൽ നഴ്സറിയിൽ നിന്ന് ആർആർഐഐ 430, ക്രൗൺ ബഡ്ഡിങ്ങിന് ഉപയോഗിക്കുന്ന എഫ്.എക്സ്. 516 എന്നീ ഇനങ്ങളുടെ ബഡ്ഡുവുഡ്സ് ലഭ്യമാണ്. എഫ്.എക്സ്. 516 - ന്റെ ബഡ്ഡുവുഡ്സ് മീറ്റർ ഒന്നിന് 50 രൂപയും ആർആർഐഐ 430 - ന്റെ ബഡ്ഡുവുഡ്സ് മീറ്റർ ഒന്നിന് 30 രൂപയുമാണ് വില. ബഡ്ഡുവുഡ്സുകൾ ആവശ്യമുള്ള കർഷകർ മുക്കട സെൻട്രൽ നഴ്സറിയുമായി 8848880279 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം